# ഉമ്മയുടെ കുട്ട്യാണ് ഞാൻ

• എ.എച്ച് തൃത്താല



സ്കൂളിലെ പ്രവേശനോത്സവത്തിന് പോകാൻ ഹാജുമോൾ തയ്യാറായി സന്തോഷത്തോടെ തുള്ളിച്ചാടുന്നതിനിടയിൽ അവൾ വിളിച്ചു: ''ഉമ്മച്ചീ! എന്റെ പുതിയ ഉടുപ്പുകളൊക്കെ വേഗം കൊണ്ടുവരീൻ.'' കുരുന്നു കൈകളിലേക്ക് വാസനപൗഡർ തൂകി അവൾ ശരീരമാസകലം തടവാൻ തുടങ്ങി.

ഡ്രസ്സുമായി വന്ന ഉമ്മ കിന്നാരം പറഞ്ഞു: ''ഇന്റെ ഹാജുട്ടീക്ക് ഈ ഡ്രസ്സ് നല്ല ഭംഗ്യാണ്.'' അത് കേട്ടമാത്രയിൽ സന്തോഷത്തോടെ അവൾ മൊഴിഞ്ഞു: ''ഇതെന്റെ വാപ്പച്ചി വാങ്ങിത്തന്നതാ...''

ഡ്രസ്സ് ചെയ്തു കഴിഞ്ഞപ്പോൾ ഉമ്മ അൽപം കുനിഞ്ഞ് ഹാജുമോളുടെ കവിളിൽ ഒരുമ്മ കൊടുത്തിട്ടു പറഞ്ഞു: ''ഇന്റെ സുന്ദരിക്കുട്ടി സ്കൂളിൽ ചെന്നാൽ നല്ലവണ്ണം പഠിക്കണംട്ടോ, നല്ല കുട്ടിയാകണം.'' അനുസരണയോടെ അവൾ തലയാട്ടി. അവളുടെ കൈക്ക് പിടിച്ചു ഉമ്മ ഗെയ്റ്റിലേക്ക് നടന്നു.

സ്കൂൾ ബസ് അടുത്തെത്തിയതും കൈയിൽ തൂക്കിപ്പിടിച്ച സ്കൂൾ ബാഗ് ഹാജുമോളുടെ കഴുത്തിലണിഞ്ഞു. മോളുടെ കൈപിടിച്ചു കുട്ടിയെ ബസ്സിലേക്ക് കയറ്റുന്ന ഉമ്മയോടായി ഡ്രൈവർ പറഞ്ഞു: ''നിങ്ങളും കയറിക്കോളൂ.... കുട്ടികളെല്ലാം ഇന്ന് കൂട്ടക്കരച്ചിലാകും.... അവരെ ആശ്വസിപ്പിക്കാൻ ഉമ്മമാർ കൂടെയുണ്ടായാൽ..'' കേട്ടതു ശരിയെന്ന് തോന്നിയതു കൊണ്ടാകാം ഉമ്മ മോളെ മടിയിലിരുത്തി ഒരു സീറ്റിലിരുന്നു.

വർണ്ണശബളമായ അന്തരീക്ഷം. പലവിധ വർണ്ണത്തോരണങ്ങൾ. അങ്ങിങ്ങായി തൂങ്ങിക്കിടക്കുന്ന ബലൂണുകളും കുരുത്തോലകളും! ഹാജുവിന് അത്ഭുതം തോന്നി. പുത്തൻ ഉടുപ്പുകൾ ധരിച്ച കൊച്ചുകുട്ടികൾ അവരുടെ അമ്മമാരോട് ചേർന്നു നടക്കുന്നത് ഹാജുമോളുടെ ശ്രദ്ധയിൽ പെട്ടപ്പോൾ അഭിമാനത്തോടെ അവൾ ഉമ്മയോട് കൂടുതൽ ഒട്ടിച്ചേർന്നു നടന്നു. അവളുടെ കുരുന്നു മനസ്സ് മന്ത്രിച്ചു: 'നോക്കൂ കുട്ടികളേ, എന്റെ ഉമ്മ പൊന്നുമ്മയാണ്....' എന്നെ എന്റുമ്മക്ക് ഒരുപാട് ഇഷ്ടമാണ് എന്ന് വിളിച്ചു പറയാൻ അവളുടെ കുരുന്നു മനസ്സിന് തോന്നി.

മണിയടി ശബ്ദം കേട്ടപ്പോൾ അവൾ അമ്പ

രന്നു. അതോടെ കുട്ടികളെ അവരുടെ അമ്മമാർ കൈ പിടിച്ച് മുമ്പിൽ നടക്കാൻ തുടങ്ങി. ക്ലാസ് മുറിയിലേക്ക് കയറിയതോടെ ചില പുതുമുഖങ്ങൾ കുട്ടികളോട് കുശലം ചോദിക്കുന്നു. ആയമാരും ടീച്ചർമാരും അതിലുൾപ്പെടുന്നു. സുന്ദരിക്കുട്ടികൾ അവരുടെ കൊച്ചരിപ്പല്ലുകൾ കാട്ടി ചിരിക്കുന്നു. ഹാജുമോളും അവരോടൊപ്പം ചേർന്നു. പെട്ടെന്നാണ് അവൾക്ക് ഉമ്മയുടെ ഓർമ്മ വന്നത്. തിരിഞ്ഞു നോക്കി. ഉമ്മയെ കാണാനില്ല. ഉമ്മയില്ലാത്ത ആ നിമിഷത്തെക്കുറിച്ച് അവൾക്ക് ഓർക്കാനായില്ല. അവൾ ആർത്തുവിളിച്ചു: ''ഉമ്മേ.....''' അതോടെ മറ്റു കുട്ടികളും അവരുടെ അമ്മമാരെ വിളിച്ചു കരയാൻ തുടങ്ങി.

ഉമ്മയില്ലാത്ത ആദ്യനിമിഷം! അടക്കാനാവാതെ ഹാജുമോൾ വാവിട്ടു കരഞ്ഞു. ടീച്ചർമാരും ആയമാരും പലതും പറഞ്ഞു സമാശ്വസിപ്പിക്കാൻ തുടങ്ങി. അവളതിനൊന്നും വഴങ്ങിയില്ല.

രംഗം വീക്ഷിച്ച് ഒന്നും മിണ്ടാതെ നിൽക്കുന്ന ഹെഡ് ടീച്ചർ പറഞ്ഞു: ''ടീച്ചറേ, കുട്ടിയെ താഴെയിറക്കൂ!'' അപ്പോഴും ടീച്ചർ പറഞ്ഞുകൊണ്ടിരുന്നു: ''ടീച്ചറുടെ കുട്ടി കരയാതിരിക്കൂ!'' ഇത്തവണ ഗൗരവത്തോടെയാണ് ഹെഡ് ടീച്ചർ പറഞ്ഞത്: ''ടീച്ചറോടല്ലേ... കുട്ടിയെ താഴെയിറക്കാൻ പറഞ്ഞത്...'' ടീച്ചർ കുട്ടിയെ താഴെയിറക്കി.

അവളുടെ തലയിൽ തടവികൊണ്ട് ഹെഡ് ടീച്ചർ ചോദിച്ചു:

''എന്തിനാ ഹാജുമോൾ കരയുന്നത്....?'' ഏങ്ങലടിച്ചുകൊണ്ട് കുട്ടി പറഞ്ഞു: ''ടീച്ചർ പറ്യാണ്... ഞാൻ ടീച്ചറുടെ കുട്ടിയാണെന്ന്, ഞാൻ ടീച്ചറുടെ കുട്ടിയല്ല; എന്റെ ഉമ്മയുടെ കുട്ട്യാണ്!''

## കാരവൻ

മരുഭൂമിയിലൂടെ ഒട്ടകപ്പുറത്ത് സഞ്ചരിക്കുന്ന കച്ചവട സംഘങ്ങളുടെ ചിത്രങ്ങൾ കൂട്ടുകാർ കണ്ടിരിക്കും. ഇങ്ങനെയുള്ള 50-ഓളം കച്ചവട സംഘങ്ങൾ ഒരുമിച്ചു ചേർന്നാൽ അവയെ വിളിക്കുന്ന പേരാണ് കാരവൻ. സുരക്ഷിതത്വവും അപകടത്തിൽ നിന്ന് രക്ഷയും ആരോഗ്യ സംരക്ഷണവുമൊക്കെ കാരണമായിട്ടാണ് കച്ചവട സംഘങ്ങൾ ഒരുമിച്ച് സഞ്ചരിക്കുന്നത്.



▸▸ സോവിയറ്റ് യൂണിയന്റെ അവസാനത്തെ പ്രസിഡന്റ് – മിഖായേൽ ഗോർബച്ചേവ്